
(Monthly) Price- Rs. 4/-

# ബൈബിൾ ദൂത്



| മനുഷ്യൻ | ദൈവം |
|---|---|
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 20** **December 2006** **No.9**


## എഡിറ്റോറിയൽ

ജീവിതം ഭദ്രമാക്കാൻ ആഗ്രഹിക്കാത്തവർ വിരളമാണല്ലോ. എന്നാൽ ഈ വ്യഗ്രതയിൽ ആളുകൾ അനുഭവിക്കുന്നതു ക്ലേശങ്ങളാണ്. മാനസികവും ശാരീരികവുമായ ക്ലേശങ്ങൾ നിമിത്തം വീർപ്പുമുട്ടുന്നവരാണ് അധികവും. എന്താണ് ഇതിന്റെ കാരണം? പ്രതിവിധിയും നാം കണ്ടെത്തേണ്ടതാണ്. ഭൗതികമോ സാമ്പത്തികമോ ആയ ഭദ്രതയ്ക്കാണ് ആളുകൾ മുൻതൂക്കം കൊടുക്കുന്നത്. സമൂഹത്തിന്റെ കാഴ്ചപ്പാട് തികച്ചും വ്യത്യസ്തമാണെന്ന് പറയാതെ വയ്യ, ലൗകികമായ അറിവിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യർ കാര്യങ്ങളെ വിലയിരുത്തുന്നത്. പണമില്ലാത്തവരെ ആളുകൾ പുച്ഛിക്കയും അംഗീകരിക്കാതിരിക്കയും ചെയ്യുന്നു. അതുകൊണ്ട് സാമൂഹികമായ അംഗീകാരത്തിനായി ആളുകൾ എങ്ങനെയും പണമുണ്ടാക്കുവാൻ ബദ്ധപ്പെടുന്നു. പണം തെറ്റാണെന്നോ, പണമുണ്ടാക്കുന്നതു തെറ്റാണെന്നോ അല്ല ഞാൻ പറയുന്നതിന്റെ സാരം. മറിച്ച് അതിനു നാം തിരഞ്ഞെടുക്കുന്ന മാർഗ്ഗം പ്രധാനമാണ്. അധാർമ്മികമായോ അന്യായമായോ പണസമ്പാദ്യത്തിലേർപ്പെടുന്നവർ നിരവധി പ്രശ്നങ്ങളിൽ ചെന്നു ചാടും. മതധാർമ്മികതയും ലോകധാർമ്മികതയും പരസ്പര വിരുദ്ധമാണ്. തെറ്റിനെ ന്യായീകരിക്കുന്ന ഒരു പ്രവണത നാം സമൂഹത്തിൽ കാണുന്നുണ്ട്. വ്യക്തികൾ തങ്ങളുടെ തെറ്റുകളെ ന്യായീകരിക്കുന്നു. എന്നാൽ ചിലരുടെ തെറ്റുകളെ സംഘടിതമായി ന്യായീകരിക്കയും അവരെ ശിക്ഷിക്കാതെ വിടുവാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നതു അപലപനീയമത്രെ.

ഭൗതിക ജീവിതം ശാശ്വതമല്ല. ശരീരത്തെക്കാൾ ആത്മാ

വിനു പ്രാധാന്യം കൊടുക്കുവാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. ദൈവം പരിശുദ്ധനാണ്. പരിശുദ്ധനായ ദൈവവുമായി ബന്ധം പുലർത്തുവാൻ തെറ്റു ചെയ്തുകൊണ്ട് സാധ്യമല്ല. ദൈവം വ്യക്തികളെ സ്നേഹിക്കുന്നു. പക്ഷെ അവരുടെ തെറ്റുകളെ വെറുക്കുന്നു. കാരണം നമ്മുടെ സാമൂഹ്യജീവിതം കുറ്റമറ്റതാകാൻ ദൈവം ആഗ്രഹിക്കുന്നു. എന്താണതിനർത്ഥം. ന്യായരഹിതമായ പ്രവൃത്തി ദൈവം വെറുക്കുന്നു. ചതി, വഞ്ചന, അക്രമം, അഴിമതി, പിടിച്ചുപറി മുതലായവ പ്രശ്നങ്ങൾ സൃഷ്ടിക്കും. അതു നമ്മുടെ ജീവിതത്തിലെ സ്വസ്ഥത നഷ്ടപ്പെടുത്തും. നമ്മുടേതു മാത്രമല്ല, മറ്റുള്ളവരുടേയും സ്വസ്ഥത ഇല്ലാതാക്കും. അതുകൊണ്ട് എല്ലാ മനുഷ്യരും ശരിയും തെറ്റും വിവേചിച്ച് മനസ്സിലാക്കി പ്രവർത്തിക്കണം. അവിഹിതമോ അനർഹമോ ആയതൊന്നും വേണ്ടാ എന്നു വെക്കണം. നമുക്കു പണമോ സ്വത്തോ നഷ്ടപ്പെട്ടാലും മറ്റൊരാളെ കവർന്നെടുക്കാൻ ശ്രമിക്കരുത്. എല്ലാവരേയും ഒരേ പോലെ സ്നേഹിക്കാൻ കഴിയണം. നാം ചെയ്യുന്ന പ്രവൃത്തികളാണ് നമുക്കു സ്വസ്ഥതയും സ്വസ്ഥതയില്ലായ്മയും തരുന്നത്. എന്തു സംഭവിച്ചാലും സത്യം വിട്ടു നടക്കുകയില്ല എന്ന തീരുമാനം എടുക്കണം. അതിൽ ഉറച്ചിരിക്കണം. പരീക്ഷണങ്ങൾ, പ്രലോഭനങ്ങൾ വരുമ്പോൾ നാം സാധാരണ പതറിപ്പോകും. സാത്താൻ നമ്മെ തോൽപ്പിക്കാൻ നാം അനുവദിക്കരുത്. നമ്മുടെ ജീവിതത്തിലെ മുഖ്യലക്ഷ്യം ദൈവികബന്ധം ആയിരിക്കണം.

ഭൗതികമായി മാത്രം ജീവിത ഭദ്രത നോക്കുന്നവർ ആത്മീയ ഭദ്രതയെ നോക്കാതിരിക്കുമ്പോൾ പ്രശ്നമാകും. ഓരോ ദിവസവും മനുഷ്യജീവിതത്തിൽ എന്തെല്ലാം സംഭവിക്കുന്നു എന്നോർക്കുക. നാം ദുഷ്പ്രവൃത്തികൾ എന്നും ദുശ്ശീലങ്ങൾ എന്നും വേർതിരിച്ചിരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നവർ വർദ്ധിച്ചുവരികയാണ്. മദ്യം ഉണ്ടാക്കുകയോ വില്ക്കുകയോ ചെയ്യുന്നവർ ഉണ്ട്. മദ്യപാനികൾ എല്ലായിടത്തും പെരുകി വരുന്നുമുണ്ട്. ഒരു രാജ്യത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കത്തക്ക സ്വാധീനവും അതിനുണ്ട്. ഇതെല്ലാം കണ്ടില്ലെന്നു നടിക്കാമോ? എന്തിനു വേണ്ടി മനുഷ്യർ മനുഷ്യരെക്കൊണ്ട് ഇതെല്ലാം ചെയ്യിക്കുന്നു? ചിന്താശേഷി ഉള്ളവർ ചിന്തിക്കണം. ജീവിതം ഭദ്രമാക്കുന്ന ബദ്ധപ്പാടിൽ കുടുംബജീവിതങ്ങൾ എത്ര എത്ര തകർന്നിട്ടുണ്ട് എന്നു നമുക്ക് അറിയാം. അധർമ്മമാണ് മനുഷ്യരിൽ സമാധാനം ഇല്ലാതാക്കുന്നത്. കുടുംബത്തിലായാലും സമൂഹത്തി

ലായാലും യഥാർത്ഥസമാധാനത്തിനു വേണ്ടിയാണ് നാം യത്നിക്കേണ്ടത്. മോഷ്ടാവും നീതിമാനും ദൈവവിശ്വാസിയായിരിക്കാം. പക്ഷെ വ്യത്യാസം അവരുടെ പ്രവൃത്തിയിലാണ്. അപരന്റെ നന്മ ആഗ്രഹിക്കുന്നവർ ആരും ആരുടേയും അപഹരിക്കുകയില്ല. അതുകൊണ്ട് മനുഷ്യരെല്ലാം നേരായ ചിന്തയിലേക്കു വരണം. എന്നാൽ മാത്രമേ ജീവിതം ശരിയാകയുള്ളു.

ഇന്നത്തെ വ്യക്തികളിലെ ക്ലേശവും സംഘർഷവും അകറ്റുവാൻ ദൈവത്തോട് അടുക്കാതെ രക്ഷയില്ല. ദൈവത്തിൽ ആശ്രയിക്കണം. പൂർണ്ണമായ ആശ്രയം വേണം. പണത്തേക്കാളും ധനത്തേക്കാളും വലുതാണ് ജീവൻ എന്നു തിരിച്ചറിയണം. തെറ്റു ചെയ്തുണ്ടാക്കുന്ന യാതൊന്നിനും നമ്മെ തൃപ്തിപ്പെടുത്താൻ കഴിയുകയില്ല. നീതിപൂർവ്വമായ അദ്ധ്വാനത്തിൽ നിന്നു കിട്ടുന്ന പ്രതിഫലം എടുത്തു ഭക്ഷിക്കുമ്പോൾ നമുക്ക് പ്രത്യേക രുചി അനുഭവപ്പെടും. അല്ലാതെ അനുഭവിക്കുന്നതു അരുചിയോടെയായിരിക്കും. മനസ്സുമാറ്റി ദൈവത്തിലേക്കു അടുത്തു വരിക. ദൈവവഴിയിൽ മാത്രമേ നടക്കു എന്നു ഉറച്ച തീരുമാനം എടുക്കുക. പിന്നെ യേശു ദൈവപുത്രനെന്നു വിശ്വസിച്ച് ഏറ്റുപറയുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏല്ക്കുകയും ചെയ്യുക. അപ്പോൾ കർത്താവു നമ്മെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്നു നാം മരണത്തോളം വിശ്വസ്തമായി ജീവിക്കയും വേണം. സത്യസന്ധമായി ദൈവത്തെ അനുസരിച്ചു ജീവിച്ചാൽ ദൈവം നമ്മെ അനുഗ്രഹിക്കും.

✶

## ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടോ?

ജെ.സി. ചോട്ട്

ബൈബിൾ ട്രൂത്തിലെ ലേഖനങ്ങളായ ബൈബിളിലെ അത്ഭുതങ്ങൾ, സഭ, ആരാധനയിൽ ഉപകരണസംഗീതം ഉപയോഗിക്കുന്നത് തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളും സംശയങ്ങളുമാണ് വായനക്കാരിൽ നിന്നും അധികവും കിട്ടുന്നത്. യോഹന്നാനാൽ യേശു സ്നാനപ്പെടുന്നതുമുതൽ പൗലൊസ് യേശുവിനോടു കൂടെ ഉണ്ടാകാതിരുന്നതുകൊണ്ട് അവന് എങ്ങനെ അപ്പൊ

സ്തലനാകാൻ കഴിയും എന്ന് ചിലർ ചോദിച്ചിട്ടുണ്ട്. ഈ ചോദ്യങ്ങൾക്കെല്ലാം എഴുത്തുകളിലൂടെ വീണ്ടും വീണ്ടും ഉത്തരങ്ങൾ എഴുതിയിട്ടുണ്ട്. ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടോ? അവയിൽ ചിലതു ഞാൻ വീണ്ടും പറയാൻ പോകുകയാണ്. ഒന്നാമത്തെയും രണ്ടാമത്തെയും തവണ അതു വായിക്കാൻ പറ്റാതിരുന്നവർക്കു വേണ്ടി ഒരിക്കൽ കൂടെ എഴുതുകയാണ്, ശ്രദ്ധിക്കുമല്ലോ.

ഈ സംശയങ്ങളുടേയും ചോദ്യങ്ങളുടേയും കാരണം എന്തെന്നാൽ മതസംഘടനകളും സമുദായങ്ങളും ആളുകളെ തെറ്റു പഠിപ്പിച്ചു വെച്ചിരിക്കുന്നതുകൊണ്ടാണ്. തെറ്റ് ശരി എന്നു വിശ്വസിച്ചിരിക്കുന്നവർ സത്യം കേൾക്കുമ്പോൾ സംശയിക്കയോ അതു തെറ്റാണെന്നു ധരിക്കയോ ചെയ്യും. അതു സ്വാഭാവികമാണ് അപ്പൊസ്തലനായ പൗലൊസിന്റെ കാലത്ത് ജീവിച്ചിരുന്ന ചിലർ സത്യത്തെ ഭോഷ്ക്കായും ഭോഷ്ക്കിനെ സത്യമായും വിശ്വസിച്ചിരുന്നതായി പറയുന്നുണ്ട് (റോമർ 1:25). ദൈവത്തിന്റെ അരുളിച്ചെയ്ത സത്യവചനത്തെ തള്ളിക്കളഞ്ഞ് ആളുകൾ മനുഷ്യരുടെ ഉപദേശങ്ങളെ പഠിപ്പിക്കുന്നു.

ഇന്ന് അത്ഭുതങ്ങൾ നടക്കുന്നുണ്ടോ? ഇന്ന് അത്ഭുതങ്ങൾ എന്നു പറയുന്നവ അത്ഭുതങ്ങളേ അല്ല. ഒരാൾ കഷ്ടിച്ചു മരണത്തിൽ നിന്നു രക്ഷപ്പെട്ടാൽ ആളുകൾ പറയും അയാൾ അത്ഭുതകരമായി രക്ഷപ്പെട്ടു എന്ന്. വാഹനാപകടത്തിൽ ഒരാൾ ഒഴിച്ച് മറ്റെല്ലാവരും മരിച്ചു പോയാൽ ആളുകൾ എന്തു പറയും? ഒരാൾ അത്ഭുതകരമായി രക്ഷപ്പെട്ടു എന്നു വിലയിരുത്തും. പ്രപഞ്ചനിയമത്തിനു എതിരായി നടന്നിട്ടുള്ളതാണ് ബൈബിളിലെ അത്ഭുതങ്ങൾ. യേശുവും അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അവ ആളുകളെ വിശ്വസിപ്പിക്കുന്നതിനും ദൈവവചനം ഉറപ്പിക്കുന്നതിനും ആയിരുന്നു. യേശു ചെയ്ത അത്ഭുതങ്ങൾ അവന്റെ ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിലായിരുന്നു, അതു കൂടിവന്നവരെ വിശ്വസിപ്പിക്കേണ്ടതിനായിരുന്നു. "ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേക അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു: എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:30, 31).

യേശുവിനെയും അപ്പൊസ്തലന്മാരെയും കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു, "ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിച്ചെയ്ത ശേഷം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു. അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു; കർത്താവു അവരോടു കൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു" (മർക്കൊസ് 16:19, 20).

എന്തുകൊണ്ട് അത്ഭുതങ്ങൾ ആവശ്യമായിരുന്നു? അന്ന് പുതിയ നിയമം പൂർണ്ണമായി എഴുതപ്പെട്ടിരുന്നില്ല. അതുകൊണ്ട് കേൾക്കുന്നവരെ വിശ്വസിപ്പിക്കേണ്ടിയിരുന്നു. അവർ സംസാരിക്കുന്നതു ദൈവവചനമാണെന്നു ബോധ്യമാക്കുകയും ചെയ്യേണ്ടിയിരുന്നു. യേശു അത്ഭുതങ്ങൾ ചെയ്തു താൻ ദൈവപുത്രൻ തന്നെ എന്നു തെളിയിച്ചു. അപ്പൊസ്തലന്മാർ സംസാരിച്ചത് ദൈവത്തിന്റെ വചനം തന്നെ ആണെന്ന് അത്ഭുതങ്ങൾ ചെയ്തു തെളിയിച്ചുകൊടുത്തു. ക്രിസ്തുവിനു രോഗികളോടും ഭൂതബാധിതരോടും കുരുടന്മാരോടും അനുകമ്പയുണ്ടായിരുന്നു. എന്നാൽ അവൻ എല്ലാവരേയും സൗഖ്യമാക്കിയില്ല. പല അവസരങ്ങളിലും യേശുവും അപ്പൊസ്തലന്മാരും അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തതു അവർ ദൈവത്തിൽ നിന്നുള്ളവരാണെന്നും തങ്ങൾ സംസാരിക്കുന്നതു ദൈവത്തിന്റെ വചനമാണെന്നും ബോധ്യപ്പെടുത്തി.

പരിശുദ്ധാത്മ സ്നാനം അപ്പൊസ്തലന്മാർക്കാണ് വാഗ്ദാനം ചെയ്തിരുന്നത്. യോഹന്നാൻ 14:16–26; യോഹന്നാൻ 15:26, 27; 16:1–16 വായിക്കുക. പിന്നെ ലൂക്കൊസ് 24:46–49 ഉം പ്രവൃത്തികൾ 1:8 ഉം വായിക്കുക. യെരുശലേമിൽ കൂടി വന്നിരുന്ന അപ്പൊസ്തലന്മാരിൽ ശക്തി വരികയും അവർ അവിടെ കൂടിവന്നിരുന്ന സകല ദേശക്കാരും ഭാഷക്കാരുമായിരുന്ന യെഹൂദന്മാരോട് അവരുടെ ഭാഷകളിൽ (അന്യഭാഷ) സംസാരിച്ചു (പ്രവൃത്തി 2:1–6). അതിന്റെ എല്ലാം ഫലമായി അപ്പൊസ്തലന്മാർക്ക് അവിടെ ഉണ്ടായിരുന്ന എല്ലാവരോടും പ്രസംഗിക്കുവാൻ കഴിഞ്ഞു. അതു വിശ്വസിച്ചവരോടു മാനസ്സാന്തരപ്പെട്ടു സ്നാനമേല്ക്കുവാൻ കല്പിക്കയും അന്ന് മൂവായിരം പേർ അവരുടെ വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു രക്ഷിക്കപ്പെട്ടു അവരെ കർത്താവു തന്റെ സഭയോടു ചേർക്കുകയും ചെയ്തു (പ്രവൃത്തികൾ 2:37; 38, 41, 47). അത്ഭുതത്തോടുകൂടെയാണ് സുവിശേഷം പൂർണ്ണതയോടെ പ്രസംഗിക്കാൻ തുടങ്ങിയത്.

പ്രവൃത്തികളുടെ പുസ്തകം തുടർന്നു വായിച്ചാൽ പത്രൊസും യോഹന്നാനും (അപ്പൊസ്തലന്മാർ) സുന്ദരം എന്ന ദൈവാലയ ഗോപുരത്തിൽ വെച്ചു ഒരു മുടന്തനെ സൗഖ്യമാക്കി (പ്രവൃത്തികൾ 3:1-10). അപ്പൊസ്തലന്മാരുടെ കയ്യാൽ ജനത്തിന്റെ ഇടയിൽ പല അടയാളങ്ങളും അത്ഭുതങ്ങളും നടന്നു (പ്രവൃത്തികൾ 5:12). അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ചവരായ പ്രവൃത്തികൾ 6-ാം അദ്ധ്യായത്തിലെ ഏഴുപേരും അത്ഭുതങ്ങൾ ചെയ്തു അവരെ സഹായിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പു ലഭിച്ചവരും, കൂടാതെ കൊർന്നെല്യൊസിന്റെ ഭവനത്തിൽ ഉള്ളവർക്കും യെഹൂദന്മാരെ പോലെ ജാതികളെയും ദൈവം അംഗീകരിക്കുന്നു എന്ന് ബോധ്യപ്പെടുത്തുവാനും അത്ഭുതം പ്രവർത്തിച്ചിട്ടുണ്ട് (പ്രവൃത്തികൾ 10, 11). മറ്റാർക്കും അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവു ലഭിച്ചിരുന്നില്ല. അപ്പൊസ്തലന്മാർക്കും അവരുടെ കൈവെപ്പു ലഭിച്ചവർക്കും പരിശുദ്ധാത്മ ശക്തിയുണ്ടായിരുന്നു. തുടർന്നു അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും മരണമടഞ്ഞു. അതിനു മുൻപു പുതിയ നിയമം പുസ്തകരൂപത്തിൽ എഴുതി പൂർത്തിയാവുകയും ചെയ്തു. അതുകൊണ്ട് പൂർണ്ണമായതു വന്നപ്പോൾ അംശമായതു നീങ്ങിപ്പോയി (1 കൊരിന്ത്യർ 13:8). ഇനി ആളുകൾ വിശ്വസിക്കേണ്ടതു ദൈവത്തിന്റെ വചനം കേട്ടിട്ടു വേണം. വചനം പൂർണ്ണമായി കിട്ടിയതുകൊണ്ട് ഇനി ഉറപ്പിക്കേണ്ട ആവശ്യവുമില്ല (റോമർ 10:17).

അതിനർത്ഥം ദൈവത്തിനു ഇന്നു അത്ഭുതം ചെയ്യാൻ കഴിയുകയില്ല എന്നാണോ? ഒരിക്കലുമല്ല. കാരണം ദൈവം സർവ്വശക്തനാണ്. അവന്നു എന്തും ചെയ്യാൻ കഴിയും. എന്നാൽ ഇപ്പോൾ അതു അവന്റെ ഇഷ്ടമാണോ അല്ലയോ എന്നതാണ്. വാസ്തവത്തിൽ ദൈവം അത്ഭുതകരമായിട്ടാണ് ആകാശവും ഭൂമിയും അതിലുള്ള സകലവും സൃഷ്ടിച്ചത്. അതിൽ പുരുഷനും സ്ത്രീയും ഉൾപ്പെടുന്നു. എന്നിട്ട് പ്രത്യുല്പ്പാദന ശേഷി കൊടുത്തു. ഓരോന്നിനും അതിന്റേതായ തരത്തിൽ പ്രത്യുല്പ്പാദനവും നടത്താൻ കഴിയുന്നു. വീണ്ടും ദൈവത്തിനു അത്ഭുതങ്ങളാൽ സൃഷ്ടിത്വം തുടരേണ്ട ആവശ്യമില്ല. അതുപോലെ ദൈവത്തിനു ഒരു നിയമം പ്രാബല്യത്തിൽ വരുത്തുവാനും ആളുകളെ ബോധ്യപ്പെടുത്തുവാനും അത്ഭുതങ്ങൾ ആവശ്യമായിരുന്നു. ആ ഉദ്ദേശം നിവർത്തിയാ

ക്കുകയും ചെയ്തു. പിന്നീട് അതു ചെയ്യേണ്ട ആവശ്യമില്ല. അപ്പോൾ പിന്നെ രോഗികളെ ദൈവം സൗഖ്യമാക്കുകയില്ലേ എന്നു ചോദിച്ചേക്കാം. ദൈവം ചെയ്യുന്നതു ഡോക്ടർമാരിൽ കൂടെയും മരുന്നുകളിൽ കൂടെയും മറ്റും പ്രവർത്തിക്കുന്നു. നാം ദൈവസഹായത്തിനു പ്രാർത്ഥിക്കയും വേണം. നാം വാസ്തവത്തിൽ ദൈവത്തിൽ ഉറച്ചു വിശ്വസിച്ചാൽ അടയാളങ്ങളുടേയും അത്ഭുതങ്ങളുടേയും ആവശ്യമില്ല. ആത്മരക്ഷക്കും നിത്യജീവനും ദൈവം ഇന്നു വെച്ചിരിക്കുന്നതു ശക്തിയുള്ള അവന്റെ വചനമാണ്.

ഇന്നും അത്ഭുതം നടക്കുന്നു എന്ന് അവകാശപ്പെടുന്നവർ ഉണ്ട്. അവർക്കു മരിച്ചവരെ ഉയിർപ്പിക്കാനോ കുരുടർക്കു കാഴ്ച കൊടുക്കാനോ കയ്യും കാലും നഷ്ടപ്പെട്ടവർക്ക് അവ തിരിച്ചുകൊടുപ്പാനോ കഴിയുകയില്ല. അതു സർവ്വമനുഷ്യർക്കും അറിയാവുന്ന സത്യമാണ്. പക്ഷെ ആളുകൾ പലരും ബൈബിളിലെ അത്ഭുതങ്ങളുടെ ഉദ്ദേശത്തെയും മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. പുതിയ നിയമത്തിൽ യേശുക്രിസ്തു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാരും അവർ കൈവെച്ചവരും മാത്രമേ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്തിരുന്നുള്ളു എന്നതു തർക്കമറ്റ സംഗതിയാണ്. ഇന്നു അത്ഭുതങ്ങൾ ചെയ്യുന്നതു ദൈവേഷ്ടമല്ല. അതിന്റെ ആവശ്യവുമില്ല. ദൈവേഷ്ടത്തിനു എതിരായി ചിന്തിക്കുന്നതു തന്നെ തെറ്റാണ്.

സഭയെ സംബന്ധിച്ച്, കർത്താവു ഒരു സഭയാണ് പണിതത് (മത്തായി 16:18, 19). ക്രിസ്തു സഭയുടെ രക്ഷിതാവാണ് (എഫെസ്യർ 5:23). അവൻ സഭയുടെ തലയാണ് (കൊലൊസ്യർ 1:18). അതു അവന്റെ പേരിനാൽ അറിയപ്പെടുന്നു (റോമർ 16:16), അവൻ വീണ്ടും വന്നു ആ സഭയെ പിതാവിനു ഏല്പിച്ചു കൊടുക്കും (1 കൊരിന്ത്യർ 15:24). അതു എന്നേക്കും നിലനില്ക്കും എന്നും വാഗ്ദാനം ചെയ്തിട്ടുണ്ട് (ദാനിയേൽ 2:44). ആ സഭ ഇന്നും ഉണ്ട്. കർത്താവിന്റെ സുവിശേഷത്താൽ വിളിച്ചു വേർതിരിക്കുന്നവരുടെ കൂട്ടമാണ് സഭ. രക്ഷിക്കപ്പെടുന്നവരെ കർത്താവ് തന്റെ സഭയോടു ചേർക്കുന്നു (പ്രവൃത്തികൾ 2:47).

ആരാധനയെ സംബന്ധിച്ച് നാം സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം. ആരാധനയുടെ ഭാഗമായി നാം ഹൃദയത്തിൽ കർത്താവിന്നു പാട്ടുപാടുവാൻ ആവശ്യപ്പെട്ടിരിക്കുന്നു (എഫെസ്യർ 5:19; കൊലൊസ്യർ 3:16). പുതിയ നിയമത്തിൽ ഉപകരണങ്ങൾ ഉപ

യോഗിച്ചു പാട്ടുപാടുന്ന മാതൃക നാം വായിക്കുന്നില്ല. സഭയുടെ ചരിത്രം പരിശോധിച്ചാൽ ആദ്യനൂറ്റാണ്ടിൽ വിശ്വാസികൾ പാട്ടുകൾ പാടിയിരുന്നു. ഉപകരണങ്ങൾ ഉപയോഗിച്ചതേയില്ല. മനുഷ്യർ പിന്നീട് പലതും കൂട്ടിച്ചേർത്തവയിൽ ഉപകരണങ്ങളും കടന്നുവന്നു. ആരാധന ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുള്ളതാണ്. മനുഷ്യരുടെ ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുന്നതു ദൈവാരാധനയിൽ ആകരുത്. ദൈവേഷ്ടം മാനിക്കുന്നവരെ മാത്രമേ ദൈവം ആഗ്രഹിക്കയുള്ളു.

യൂദയുടെ സ്ഥാനത്തേക്ക് മറ്റൊരാളെ അപ്പൊസ്തലന്മാർ തിരഞ്ഞെടുത്തപ്പോൾ പറയുന്നതു യോഹന്നാന്റെ സ്നാനം മുതൽ അവരോടൊപ്പം ഉണ്ടായിരുന്നവർ ആകേണം എന്നാണ്. അങ്ങനെ രണ്ടു പേരെ ചീട്ടിട്ടു മത്ഥിയാസിനെ തിരഞ്ഞെടുത്തു. എന്നാൽ പൗലൊസ് അപ്പൊസ്തലൻ ആയിരുന്നില്ലേ? തീർച്ചയായും. പൗലൊസ് തന്റെ അപ്പൊസ്തലത്വത്തെക്കുറിച്ചു ആവർത്തിച്ച് ആവർത്തിച്ചു പറയുന്നുണ്ട് (1 കൊരിന്ത്യർ 1:1; ഗലാത്യർ 1:1; എഫെസ്യർ 1:1). "ആ സുവിശേഷത്തിനു ഞാൻ പ്രസംഗിയും അപ്പൊസ്തലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു" (2 തിമൊഥെയൊസ് 1:11). താൻ ജാതികളുടെ അപ്പൊസ്തലൻ എന്നു അവൻ പറയുന്നുണ്ട് (റോമർ 11:13). സഭയെ ഉപദ്രവിച്ചതുകൊണ്ട് താൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ എന്നു പറയുന്നുണ്ട് (1 കൊരിന്ത്യർ 15:9). ദൈവം നിയമിച്ചാക്കിയ ഒരാളെ നാം സംശയിക്കേണ്ടതില്ല. തിരുവെഴുത്തു ദൈവശ്വാസിയമാകയാൽ വിശ്വസനീയമത്രെ. "ഞാൻ അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരിൽ ഒട്ടും കുറഞ്ഞവനല്ല എന്നു നിരൂപിക്കുന്നതായി പൗലൊസ് പറഞ്ഞിട്ടുണ്ട്" (2 കൊരിന്ത്യർ 11:5).

★

## ബൈബിൾ ഉത്തരം നല്കട്ടെ

റോബെർട്ട് എം

എഫെസ്യർ 4:4-ൽ പലതും ഒന്ന് എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്ത്? "നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവു ഒന്ന്, കർത്താവു ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെ ഉള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരി

ക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവും ആയവൻ ഒരുവൻ" (എഫെസ്യർ 4:4, 6). ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ എന്നു പറഞ്ഞശേഷമാണ് ഇവയെല്ലാം ഒന്ന് എന്നു പറയുന്നത്. ദൈവത്തോട് അടുക്കുന്ന ഏതൊരു വ്യക്തിയും ഈ ഏഴുകാര്യങ്ങൾ നന്നായി മനസ്സിലാക്കണം. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന ഓരോ കാര്യവും നാം അറിഞ്ഞിരിക്കണം. പ്രത്യേകിച്ചു മുൻപറഞ്ഞവ പ്രാധാന്യമർഹിക്കുന്നതാണ്.

ആദ്യമായി പറഞ്ഞിരിക്കുന്നതു പ്രത്യാശയാണ്. ദൈവം സുവിശേഷത്താൽ മനുഷ്യരെ രക്ഷക്കായി വിളിക്കുന്നു. അങ്ങനെ വിളിക്കുന്നതു ഏക പ്രത്യാശക്കായിട്ടാണ്. മനുഷ്യർ വിചാരിക്കുന്ന പ്രത്യാശയല്ല ദൈവത്തിന്റേത്. ദൈവം വാഗ്ദാനം ചെയ്ത പ്രത്യാശ ശ്രേഷ്ഠമാണ്. കാണാത്ത കാര്യങ്ങളിലാണ് നമുക്ക് പ്രത്യാശയുള്ളത്. ദൈവം വാഗ്ദാനം ചെയ്ത സ്വർഗ്ഗം നാം കണ്ടിട്ടില്ല. എങ്കിലും അവന്റെ നിബന്ധനകൾക്കനുസരിച്ചു ജീവിച്ചാൽ നമുക്ക് അതു കിട്ടും എന്നതു ഉറപ്പാണ്. നാം എന്തുകൊണ്ട് ക്രിസ്ത്യാനിയായി ത്തീർന്നു എന്ന് ആരെങ്കിലും ചോദിച്ചാൽ അതു നമ്മുടെ പ്രത്യാശയെ ചോദ്യം ചെയ്യുകയാണ്. ആത്മാവിന്റെ രക്ഷ പ്രത്യാശയുടെ ഭാഗമാണ്. നിത്യജീവൻ വിശ്വസിച്ച് അനുസരിക്കുന്നവർക്കു വാഗ്ദാനം ചെയ്തിരിക്കുന്നു. നാം ആരും നിത്യജീവൻ കണ്ടിട്ടില്ല, ദൈവത്തെയും നാം കണ്ടിട്ടില്ല. കാണാതെ നാം വിശ്വസിക്കുകയാണ്. അതാണ് നമ്മുടെ ഏകപ്രത്യാശ. സത്യദൈവവും അവന്റെ വാഗ്ദാനങ്ങളും ആണ് നമ്മുടെ ഏക പ്രത്യാശ. യേശു മരിക്കുവാൻ പോകുന്നു എന്നു അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞപ്പോൾ അവരുടെ ഹൃദയം കലങ്ങി. അപ്പോൾ അവൻ അവരോട് പറഞ്ഞതു ഞാൻ നിങ്ങൾക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നാണ്. ആ വാസസ്ഥലങ്ങൾ അവർ കണ്ടിട്ടില്ലെങ്കിലും അവർ വിശ്വസിച്ചു, അതാണ് പ്രത്യാശ. പ്രത്യാശക്കു ഭംഗം വരാതിരിക്കേണ്ടതിനു നാം വിശ്വാസത്തിൽ ഉറപ്പുള്ളവരായിരിക്കണം.

അടുത്തതു ശരീരം ഒന്ന് എന്നു പറഞ്ഞിരിക്കുന്നു. ഒരാൾക്കു ഒരു ശരീരമേയുള്ളു. കർത്താവിന്നു ഒരു ശരീരമേ ഉണ്ടായിരുന്നുള്ളു. ആത്മിയമായും അവന്നു ഒരു ശരീരമേയുള്ളു. ആ ശരീരം സഭയാണ്. അപ്പോൾ കർത്താവിന്ന് ഒരു സഭയേ ഉള്ളു. സഭ കർത്താവിന്റെ മണവാട്ടിയായി വിശേഷിപ്പിച്ചിട്ടുണ്ട്. ഒന്നിലധികം

ഭാര്യമാർ ഒരു പുരുഷന്ന് ഉണ്ടാകുന്നതു നിയമവിരുദ്ധമാണ്. ക്രിസ്തുവിന്റെ സഭ അല്ലെങ്കിൽ ദൈവത്തിന്റെ സഭ എന്നതാണ് കർത്താവിന്റെ രാജ്യം അല്ലെങ്കിൽ ദൈവരാജ്യം (പ്രവൃത്തികൾ 20:28; വെളിപ്പാട് 1:5, 6). മനുഷ്യർ പല പേരുകളിൽ ഉണ്ടാക്കിയ സഭകൾ വിഭാഗങ്ങളാണ്. അതൊന്നും ദൈവത്തിന്റേതോ ക്രിസ്തുവിന്റേതോ അല്ല. അതുകൊണ്ട് നാമധേയവിഭാഗങ്ങളിൽ ഉള്ളവർ കർത്താവിന്റെ സഭയിലല്ല. കർത്താവിന്റെ സഭയിലുള്ളവർ വിഭാഗങ്ങളുമല്ല. പരിശുദ്ധാത്മ നിയോഗത്താൽ എഴുതപ്പെട്ട വചനത്തിൽ പറയുന്നതു മാത്രമേ നാം ദൈവികമായി വിശ്വസിക്കാവൂ. ആ ഏക സഭയെയാണ് കർത്താവു രക്ഷിക്കുന്നത് (എഫെസ്യർ 5:23). അവൻ മരിച്ചതു ആ സഭയ്ക്കുവേണ്ടി (പ്രവൃത്തികൾ 20:28). അവൻ വീണ്ടും വരുമ്പോൾ തന്റെ സഭയെ പിതാവിന്നു ഏല്പിച്ചുകൊടുക്കും (1 കൊരിന്ത്യർ 15:24).

പിന്നെ പറഞ്ഞിരിക്കുന്നത് ആത്മാവു ഒന്ന് എന്നത്രെ. ഒരാത്മാവു എന്നു അപ്പൊസ്തലൻ പറയുമ്പോൾ ഐക്യതയാണ് സൂചിപ്പിക്കുന്നത്. ആത്മാവാണ് വചനം വെളിപ്പെടുത്തിയിരിക്കുന്നത്. പിതാവും യേശുക്രിസ്തുവും ദൈവം ആയിരിക്കുന്നതുപോലെ പരിശുദ്ധാത്മാവും ദൈവം ആണ്. പ്രവാചകന്മാർക്കും ദൈവശ്വാസിയ പുരുഷന്മാർക്കും ദൈവഹിതം ആത്മാവു ആണ് വെളിപ്പെടുത്തിക്കൊടുത്തത്. അതുകൊണ്ട് വെളിപ്പെടുത്തിയ അരുളപ്പാടുകളിൽ അപാകതയോ വൈപരീത്യമോ ഇല്ല. 2 പത്രൊസ് 1:21-ൽ നാം വായിക്കുന്നത് "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ" എന്നാണ് (2 പത്രൊസ് 1:2). പഴയ നിയമവും പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ടു. പുതിയനിയമവും പരിശുദ്ധാത്മ സഹായത്താൽ തെറ്റു കൂടാതെ നമുക്കു കിട്ടി. അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവ് സകല സത്യത്തിലും വഴി നടത്തി (മത്തായി 10:19, 20). ദൈവത്തിന്റെ മനസ്സ് പൗലൊസിനും മറ്റു ദൈവശ്വാസിയ പുരുഷന്മാർക്കും വെളിപ്പെടുത്തിക്കൊടുത്തതു പരിശുദ്ധാത്മാവായിരുന്നു (1 കൊരിന്ത്യർ 2:10-13). ദൈവഹിതം മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ പരിശുദ്ധാത്മാവിന്നു മുഖ്യ പങ്കുണ്ടായിരുന്നു.

ദൈവശ്വാസിയരുടെ ഏക ഉറവിടം പരിശുദ്ധാത്മാവായിരുന്നു. പരിശുദ്ധാത്മാവു ദൈവമാകയാൽ നമ്മോട് ഭോഷ്ക്ക് പറയുകയോ പരസ്പരവിരുദ്ധമായി സംസാരിക്കയോ ചെയ്യുകയില്ല

(എബ്രായർ 6:8). ആത്മാവു ഒരു കൂട്ടം ആളുകളോട് ഒന്നും വേറൊരു കൂട്ടം ആളുകളോട് വേറൊന്നും പറയുകയില്ല. അങ്ങനെ പറഞ്ഞാൽ അതു കലക്കമായിത്തീരും. ദൈവാത്മാവ് ഒരിക്കലും കലക്കത്തിന്റെ ആത്മാവല്ല. സകല മനുഷ്യർക്കുമായി ആത്മാവ് ഒരേ ഒരു വെളിപ്പാടാണ് നല്കിയിരിക്കുന്നത്. ആ പുതിയ നിയമ വെളിപ്പാട് എല്ലാവരും സ്വീകരിച്ചാൽ കലക്കം ഒഴിവാകും. ആത്മാവിന്റെ വചനത്തെ നിരസിക്കുന്നതു ആത്മാവിനെ നിരസിക്കുന്നതിനു തുല്യമാണ്. ആത്മാവിന്റെ വചനം അനുസരിക്കുകയാണ് ചെയ്യേണ്ടത് (പ്രവൃത്തികൾ 7:51, 52). മനുഷ്യർ മുറുകെ പിടിക്കേണ്ടതു ആത്മാവിന്റെ ഉപദേശങ്ങളാണ് (2 തെസ്സലൊനിക്യർ 2:15; 2 തിമൊഥെയൊസ് 2:2; തിത്തൊസ് 2:1). വിശ്വാസത്താൽ ദൈവകൃപയിലേക്കു നാം പ്രവേശിക്കുന്നതിനു വെളിപ്പെടുത്തിയ വചനം നാം പിൻപറ്റണം. ക്രിസ്തുവിന്റെ കൃപയെ ആളുകൾ വ്യർത്ഥമാക്കുന്നതു വചനത്തെ തള്ളിക്കളയുമ്പോഴാണ് (റോമർ 10:6; 2 തെസ്സലൊനിക്യർ 1:7–9).

കർത്താവ് ഒരുവൻ എന്നു പറഞ്ഞിരിക്കുന്നതു പ്രാധാന്യമർഹിക്കുന്നു. യേശുക്രിസ്തു എന്ന ഒരേ ഒരു കർത്താവാണ് നമുക്കുള്ളത്. കർത്താവു എന്നു പറഞ്ഞാൽ ഭരിക്കുന്നവൻ എന്നർത്ഥം. നമ്മെ വാഴുവാൻ അവൻ മാത്രമാണ് യോഗ്യൻ. അവൻ രാജാവായിത്തീർന്നിരിക്കുന്നതുകൊണ്ടാണ് അത്. അവന്റെ രാജ്യം സ്ഥാപിക്കുവാൻ യേശുവാണ് വിലകൊടുത്തത്. തന്റെ ജീവനും രക്തവും കൊടുത്താണ് അടിമത്വത്തിലായിരുന്ന പ്രജകളെ അവൻ വിലെക്കു വാങ്ങിയത്. അവന്റെ രാജ്യത്തിലേക്കുള്ള പ്രവേശനത്തിനു നിബന്ധനകൾ വെച്ചിട്ടുണ്ട് (യോഹന്നാൻ 3:3–5). കർത്താവിൽ ആശ്രയക്കത്തക്ക പ്രവൃത്തിയാണ് അവൻ ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും. നമ്മുടെ ശരീരത്തെയല്ല കർത്താവു വാഴുന്നത്. നമ്മുടെ ഹൃദയത്തിൽ ആണ് വാഴ്ച്ച നടത്തുവാൻ ആഗ്രഹിക്കുന്നത്. അതിനു നാം നമ്മുടെ ഹൃദയം അവന്നു വിട്ടുകൊടുക്കണം. അതായതു അവൻ തന്റെ വാഴ്ച്ച ആരിലും അടിച്ചേല്പിക്കുകയില്ല എന്നർത്ഥം. അവന്റെ ശബ്ദം കേട്ട് നാം അവന്നായി ഹൃദയവാതിൽ തുറന്നു കൊടുക്കണം. അപ്പോൾ കർത്താവു നമ്മുടെ ഉള്ളിൽ പ്രവേശിക്കും. അതാണ് ഹൃദയശുദ്ധിയുള്ളവൻ ദൈവത്തെ കാണും എന്നു പറഞ്ഞിരിക്കുന്നത്. യേശുക്രിസ്തു കർത്താധികർത്താവും രാജാധിരാജാവും ആണ്. അവനെയല്ലാതെ മറ്റൊരാളെ ഭരിക്കുവാൻ നാം

അനുവദിക്കരുത്. കർത്താവു നമ്മുടെ ഹൃദയത്തിൽ വാണില്ലെങ്കിൽ പിശാചിന് നാം അവസരം കൊടുക്കും. അവൻ നമ്മെ നശിപ്പിക്കും. പക്ഷെ ക്രിസ്തുവിനു സ്ഥാനം കൊടുത്താൽ എന്നേക്കും നമുക്കു ദൈവവുമായി കഴിയാം.

വിശ്വാസം ഒന്ന് എന്നു പരിശുദ്ധാത്മാവു വെളിപ്പെടുത്തിയിരിക്കുന്നു. എന്താണ് ഇവിടെ പറഞ്ഞിരിക്കുന്ന ഒരു വിശ്വാസം? അതെന്തെന്നാൽ സത്യദൈവത്തിൽ അല്ലാതെ മറ്റു ദേവന്മാരിൽ വിശ്വസിക്കരുത്. ജീവനുള്ള ദൈവത്തിൽ വിശ്വസിക്കാതെ ജീവനില്ലാത്ത വിഗ്രഹങ്ങളിൽ ആശ്രയിക്കരുത്. ഒന്നിലധികം വിശ്വാസം യഥാർത്ഥ വിശ്വാസമല്ല. വിശ്വാസം ഏകദൈവത്തിലായിരിക്കണം. സത്യത്തെ വിശ്വസിക്കണം. അസത്യത്തെ വിശ്വസിക്കാതിരിക്കയും വേണം. സത്യം ദൈവവചനമാണ് (യോഹന്നാൻ 17:17). ഭോഷ്ക്ക് വിശ്വസിക്കുന്നവർ അനേകരാണ്. സത്യത്തെ സ്നേഹിച്ചു വിശ്വസിക്കായ്കയാൽ അവർക്കു ഭോഷ്ക്ക് വിശ്വസിക്കുവാൻ ദൈവം വ്യാജത്തിന്റെ വ്യാപാരശക്തി അവരിൽ അയക്കും. സത്യത്തെ വിശ്വസിക്കാത്തതിനുള്ള ശിക്ഷയാണ് അത്. ബൈബിളിൽ ഇന്ന് പുതിയ നിയമത്തിൽ എങ്ങനെ ഈ ഏകവിശ്വാസം ലഭിക്കും എന്നു പറഞ്ഞിട്ടുണ്ട്, ക്രിസ്തുവിന്റെ വചനത്തെ കേൾക്കുന്നതിനാൽ വരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത് (റോമർ 10:17). പലരിലും പല വിശ്വാസങ്ങൾ ഉണ്ടായതിനുകാരണം അവർ ക്രിസ്തുവിന്റെ വചനം കേട്ടതിന്റെ ഫലമായിട്ടല്ല വിശ്വസിച്ചത്. ദുരുപദേശങ്ങൾ ധാരാളം പ്രചരിച്ചിട്ടുള്ള തും വേറൊരു കാരണമാണ്. സത്യോപദേശം കേട്ടു വിശ്വസിച്ചാൽ അവർ തിരുവെഴുത്തിലെ ഏക വിശ്വാസത്തിൽ ഒതുങ്ങി നില്ക്കും. ദൈവത്തിൽ നിന്നു പ്രതിഫലം കിട്ടുന്നതു ഈ ഏകവിശ്വാസമുള്ള വർക്കാണ്.

സ്നാനം ഒന്ന് എന്നു നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. പല സ്നാനങ്ങൾ പല ഉദ്ദേശങ്ങൾക്കായി ചെയ്തിട്ടുണ്ട്. പക്ഷെ പാപമോചനത്തിനായി ഒരേ ഒരു സ്നാനമാണുള്ളത്. അതു വെള്ളത്തിലുള്ള അടക്കമാണ് (കൊലൊസ്യർ 2:12). തിരുവചനത്തിൽ പറയുന്ന ഏക സ്നാനത്തിന്റ ഉദ്ദേശവും വ്യക്തമാക്കിയിട്ടുണ്ട്: സ്നാനം വെള്ളം തളിക്കലോ, കോരി ഒഴിക്കലോ അല്ല. പിന്നെയോ അതു പൂർണ്ണമായ നിമഞ്ജനമാണ്. വിശ്വസിച്ച് മാനസാന്തരപ്പെടുന്നവർക്കു പാപമോചനത്തിനായുള്ള ഒരു കല്പനയാ

ണിത്. നമ്മുടെ മനസ്സാക്ഷി ശുദ്ധമാകേണ്ടതിനും യേശുവിന്റെ പുനരുത്ഥാനത്തിൽ നമ്മെ രക്ഷിക്കേണ്ടതിനും ആണ്. (1 പത്രൊസ് 3:21). ക്രിസ്തുവിനോടു ചേരുവാൻ ആണ് ആ ഏകസ്നാനം. ക്രിസ്തുവിന്റെ രാജ്യത്തിൽ അഥവാ സഭയിൽ പ്രവേശിക്കുന്നതിനുള്ള കല്പനയാണ് ആ ഏകസ്നാനം. മറ്റു രീതികളിലുള്ള സ്നാനമോ മറ്റു ഉദ്ദേശങ്ങൾക്കായുള്ള സ്നാനമോ ദൈവം സ്വീകരിക്കയില്ല. പുതിയനിയമത്തിലെ പരിവർത്തന ഉദാഹരണങ്ങൾ എല്ലാം പരിശോധിച്ചാൽ അവരെല്ലാം ബൈബിളിലെ ആ ഏക സ്നാനം ഏറ്റവരാണ് എന്നു കാണാം. അവർ സ്നാന ശേഷം കർത്താവിന്റെ സഭയിൽ വിശ്വസ്തമായി ജീവിച്ചു എന്നും കാണാം. ആത്മാവിന്റെ ഐക്യത എല്ലാ വിഷയങ്ങളിലും വ്യക്ത മാണ്. പക്ഷെ മനുഷ്യർ അവ ശരിയായി മനസ്സിലാക്കാത്തതുകൊണ്ട് പാരമ്പര്യപ്രകാരമുള്ള ആചാരങ്ങളിലും വിശ്വാസങ്ങളിലും ഏർപ്പെടുന്നു. അവ ഒന്നും നമ്മെ ദൈവത്തോട് അടുപ്പിക്കയില്ല.

✷

## ആത്മനിയന്ത്രണമില്ലാതെ ക്രിസ്ത്യാനിത്വമില്ല

**ചാൾസ് ബോക്സ്**

ക്രിസ്തീയ ജീവിതത്തിന്റെ ശക്തമായ ഭാഗമാണ് ആത്മ നിയന്ത്രണം എന്നത് അടിസ്ഥാന വിശ്വാസത്തോടു ചേർക്കാവുന്നതാണ് സ്വനിയന്ത്രണം എന്ന സ്വഭാവം. "അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും, പരിജ്ഞാനത്തോടു ഇന്ദ്രിയ ജയവും, ഇന്ദ്രിയ ജയത്തോട് സ്ഥിരതയും,സ്ഥിരതയോടു ഭക്തിയും, ഭക്തിയോട് സഹോദര പ്രീതിയും, സഹോദര പ്രീതിയോട് സ്നേഹവും കൂട്ടി കൊൾവിൻ (2 പത്രൊസ് 1:5-7). ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റവർ ഒരിക്കലും തിന്മ അവരുടെ യജമാനനാകാൻ അനുവദിക്കില്ല (റോമർ 6:3-4).

"ആകയാൽ പാപം നിങ്ങളുടെ മർത്യ ശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിച്ചു കൊൾവിൻ" (റോമർ 6:12-13). കർത്താവിന്റെ ശരീരമാണ് സഭ. ആ

സഭയിലുള്ള അംഗങ്ങൾ ഓരോരുത്തരും അനീതി പരിശീലിക്കുകയില്ല എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു. ഉത്തരവാദിത്വം നിറവേറ്റുവാൻ നമുക്കു ആത്മ നിയന്ത്രണം ആവശ്യമാണ്. ഇന്ദ്രിയങ്ങളെ ജയിക്കുവാൻ ദൈവ സഹായം നമുക്കാവശ്യമാണ്.

## എന്താണ് ആത്മ നിയന്ത്രണം

റോമിലുണ്ടായിരുന്ന സഹോദരന്മാരും എല്ലാ ക്രിസ്ത്യാനികളും ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യം മനസിലാക്കണമെന്നു പൗലൊസ് ആഗ്രഹിച്ചതു കൊണ്ടു വീണ്ടും എഴുതി. "നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തിയെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും" (റോമർ 8:13). യേശുക്രിസ്തു എന്ന കർത്താവിനു കീഴ്പ്പെട്ടു ശരീരത്തിന്റെ പ്രവർത്തികളെ നിയന്ത്രിക്കുക അഥവാ അച്ചടക്കത്തിൽ വരുത്തുക എന്നതാണ് ആത്മ നിയന്ത്രണം. പ്രാർത്ഥനയാലും ദൈവ പരിജ്ഞാനത്താലും ക്രിസ്തീയ വിശ്വാസം പരിശീലിക്കുന്നതിനാലും ഇന്ദ്രിയ ജയം കൈവരിക്കാം. ക്രിസ്ത്യാനികൾ നന്മയും തിന്മയും വിവേചിക്കാൻ ദൈവ പരിജ്ഞാനം ഉപയോഗിക്കണം. നന്മ തിരഞ്ഞെടുത്തു പരിശീലിപ്പിച്ച് ശക്തിപ്പെടുത്തണം. "കട്ടിയായുള്ള ആഹാരം നന്മ തിന്മകളെ തിരിച്ചറിയുവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു" (എബ്രായർ 5:14).

## എങ്ങനെ ഇന്ദ്രിയ ജയം നേടാം?

നമ്മുടെ സ്വന്ത ഇഷ്ടങ്ങളെ മാറ്റിക്കളഞ്ഞ് അഥവാ ക്രൂശീകരിച്ചു ഓരോ ദിവസവും കർത്താവിനെ അനുഗമിക്കണം. പിന്നെ അവൻ എല്ലാവരോടും പറഞ്ഞു: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കൊസ് 9:23). ഈ ആത്മനിയന്ത്രണം, ശാരീരിക ഇച്ഛകളെ ക്രൂശിക്കുന്നതിലൂടെയാണ് വളരുന്നത്. "ക്രിസ്തുവിനുള്ളവർ ജഡത്തെ അതിന്റെ രാഗ മോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു" (ഗലാത്യർ 5:24). പാപസ്വഭാവം നീക്കി കളഞ്ഞു ക്രിസ്തുവിനു കീഴ്പ്പെട്ടു ജീവിക്കുന്നതിനെയാണ് ക്രൂശിക്കുക എന്നു പറയുന്നത്. പൗലൊസ് പറഞ്ഞു:

"ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താൽ അത്രെ ജീവിക്കുന്നത് (ഗലാത്യർ 2:20).

ന്യായവിധിയിൽ നാം ദൈവത്തിനു കണക്കു കൊടുക്കേണ്ടവർ ആണ് എന്ന ഉത്തരവാദിത്വത്തിൽ വേണം ഓരോ ക്രിസ്ത്യാനിയും ജീവിക്കുവാൻ. അതു തിരിച്ചറിഞ്ഞാൽ ആത്മ നിയന്ത്രണം ഒരു സ്വഭാവമാക്കി നാം എടുക്കും. അവ അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും ചീത്തയാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപാകെ നിൽക്കേണ്ടതാകുന്നു (2 കൊരിന്ത്യർ 5:10). നാം പറയുന്ന വാക്കുകൾക്കും ചെയ്യുന്ന പ്രവർത്തികൾക്കും കണക്കുകൊടുക്കണം. അതുകൊണ്ട് അച്ചടക്കം ദൈവ ഭക്തിയുള്ള ഒരാൾക്ക് അത്യന്താപേക്ഷിതമാണ്.

## ആത്മനിയന്ത്രണം ഇല്ലാതെ വരുമ്പോൾ

ഇന്ദ്രിയ ജയം ഇല്ലാതെ വന്നപ്പോഴാണ് ഹവ്വ, വിലക്കപ്പെട്ട കനി ഭക്ഷിച്ചതു. "ആ വൃക്ഷ ഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു, ഭർത്താവിനും കൊടുത്തു അവനും തിന്നു" (ഉല്പത്തി 3:6). ആഖാൻ യെരിഹോവിൽ നിന്നു സ്വർണ്ണവും വെള്ളിയും എടുക്കാൻ കാരണം അവനു ആത്മനിയന്ത്രണം ഇല്ലാതിരുന്നതു കൊണ്ടാണ്. കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായ ബാബിലോൺ മേലങ്കിയും 200 ശേക്കൽ വെള്ളിയും 50 ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചെടുത്തു. അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു. വെള്ളി അടിയിൽ എന്നു ആഖാൻ പറഞ്ഞു (യോശുവാ 7:21).

സുന്ദരിയായ ബേത്ത് ശേബയെ കണ്ടു മോഹിച്ച രാജാവു പാപത്തിനിരയായി "ഒരുനാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മെത്തമേൽ എഴുന്നേറ്റ് രാജധാനിയുടെ മാളികയിൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നതു മാളികയിൽ നിന്നു കണ്ടു. ആ സ്ത്രീ അതിസുന്ദരിയായിരുന്നു. ദാവീദ് ആളയച്ചു ആ

സ്ത്രീയെപ്പറ്റി അന്വേഷിച്ചു. അവൾ ഏലിയാമിന്റെ മകളും ഹിത്യനായ ഊരിയാവിന്റെ ഭാര്യയുമായ ബേത്ത് ശേബ എന്നറിഞ്ഞു. ദാവീദ് ദൂതന്മാരെ അയച്ചു അവളെ വരുത്തി അവൾ അവന്റെ അടുക്കൽ വന്നു. അവൾക്കു ഋതു ശുദ്ധി വന്നിരുന്നതുകൊണ്ട് അവൻ അവളോടു കൂടെ ശയിച്ചു. അവൾ തന്റെ വീട്ടിലേയ്ക്കു മടങ്ങി പോയി (2 ശമുവേൽ 11:2-4). ആത്മനിയന്ത്രണമില്ലെങ്കിൽ ആത്മാവിനെ വ്രണപ്പെടുത്തും.

## ആത്മ നിയന്ത്രണം പരിശീലിക്കുമ്പോൾ

ആത്മ നിയന്ത്രണം പാലിച്ചു കൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് വലിയൊരു ദൈവദാസനായി തീർന്നത്. മറ്റുള്ളവരോടു പ്രസംഗിച്ച ശേഷം ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്. പൊത്തിഫേറിന്റെ ഭാര്യയുടെ മോഹത്തിനിരയാകാതെ ഓടി പോകുവാൻ യോസേഫ് തുനിഞ്ഞത് ആത്മ നിയന്ത്രണം കൊണ്ടാണ്. തന്റെ യജമാനന്റെ ഭാര്യയാണ് യോസേഫിനെ അവളോടു കൂടെ ശയിക്കാൻ നിർബന്ധിച്ചത്. ദൈവഭക്തനായ യോസേഫ് അവനെ ഒരിക്കലും പാപത്തിനു വിട്ടു കൊടുത്തിട്ടില്ല. ദൈവത്തിനെതിരായി പാപം ചെയ്യാതിരിക്കേണ്ടതിന് തന്റെ വസ്ത്രം ഉപേക്ഷിച്ചു അവൻ ഓടിപോയി (ഉല്പത്തി 39:7-9).

അധ്യക്ഷന്മാർക്കു ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ ഒന്നാണ് ഇന്ദ്രിയ ജയം. കർത്താവിന്റെ സഭയെ നടത്തേണ്ടവർക്കു അച്ചടക്കം അനിവാര്യമാണ്. "അതിഥി പ്രിയനും സൽഗുണ പ്രിയനും, സുബോധ ശീലനും നീതിമാനും നിർമ്മദനും, ജിതേന്ദ്രിയനും" തുടങ്ങിയ മറ്റു ഗുണങ്ങളും ഉണ്ടായിരിക്കണം (തീത്തൊസ് 1:8). ആത്മനിയന്ത്രണം പരിശീലിക്കുമ്പോൾ അതു നിങ്ങൾക്കു അനുഗ്രഹമായി തീരും. നിങ്ങളുടെ ജീവിതം മറ്റുള്ളവരെ സ്പർശിക്കയും ചെയ്യുന്നു.

## എവിടെ ക്രിസ്ത്യാനികൾ ഇതു പരിശീലിക്കേണം?

നല്ലതും ശരിയായതുമായ കാര്യങ്ങളിൽ വേണം ഇന്ദ്രിയ ജയം നടത്തുവാൻ (1) ഭക്ഷണത്തിൽ (2) സുഖഭോഗത്തിൽ (3) ചീട്ടുകളി (4)മദ്യപാനം (5)മോഷണം തുടങ്ങിയ അസംഖ്യം കാര്യങ്ങൾ ഉണ്ട്. ക്രിസ്ത്യാനികൾ വികാരത്തെയും നിയന്ത്രിക്കണം.

ദീർഘക്ഷമയുള്ളവൻ, മഹാബുദ്ധിമാൻ; മുൻകോപിയോ ഭോഷത്വം ഉയർത്തുന്നു (സദൃശവാക്യങ്ങൾ 14:29). ക്രിസ്ത്യാനികൾ തങ്ങളുടെ നാവിനേയും നിയന്ത്രിക്കണം. ആവശ്യമുള്ളപ്പോൾ മാത്രം സംസാരിക്കയും ആവശ്യമുള്ളതു മാത്രം സംസാരിക്കയും വേണം. "നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാൺ ഇടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമത്രെ" (യാക്കോബ് 1:26).

ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് ഇന്ദ്രിയ ജയം. പരിശുദ്ധാത്മാവ് ലഭിച്ചവരിൽ ആത്മ നിയന്ത്രണം ഉണ്ടാകും (ഗലാത്യർ 5:23). ക്രിസ്തീയ കൃപകളിൽ ഒന്നാണ് ഇന്ദ്രിയ ജയം (2 പത്രൊസ് 1:5–8). ഇതു ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേയ്ക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രൊസ് 1:11). നമ്മുടെ ചിന്തകൾ ക്രിസ്തുവിന്റേതായി മാറാൻ ആത്മനിയന്ത്രണം ആവശ്യമാണ്. ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായവയെ ഇടിച്ചുകളഞ്ഞു സകലവിചാരങ്ങളും സങ്കല്പങ്ങളും മാറ്റി ക്രിസ്തുവിനെ അനുസരിക്കുവാനായി നിയന്ത്രിക്കണം (2 കൊരിന്ത്യർ 10:5).

✶

സ്ത്രീകൾക്കു വേണ്ടി

## സത്യത്തിന്റെ സത്ത

ബെറ്റി ബർട്ടൻ ചോട്ട്

"നിയമം" – ഭരണഘടന അഥവാ തത്വങ്ങൾ ആയി കണക്കാക്കാം അല്ലെങ്കിൽ സ്ഥാപിക്കപ്പെട്ട സംസ്ക്കാരമാകാം. എന്നാൽ "സത്യം" ഒരു യോഗ്യത അല്ലെങ്കിൽ അവസ്ഥ മാറാതിരിക്കുന്നതാണ്. നിയമം മാനുഷികവും ദൈവികവുമായി തരംതിരിക്കാം. അതു പോലെയല്ല സത്യം. സത്യം ദൈവവും ദൈവം സത്യവുമാണെന്ന് ആരോ പറഞ്ഞിട്ടുണ്ട്. മനുഷ്യരിൽ പ്രമാണിമാർ നല്കി എന്നതു കൊണ്ടോ അല്ലെങ്കിൽ വിദ്യാഭ്യാസം ഉള്ളവർ നല്കി എന്നതിനാലോ അതു സത്യമാകണമെന്നില്ല. അങ്ങനെ സ്ഥാപിക്കാൻ ശ്രമിച്ചേക്കാം. മനുഷ്യർ സമ്മതിച്ചാലും ഇല്ലെങ്കിലും ചില അടിസ്ഥാന തത്വങ്ങൾ സ്ഥിരമായിരിക്കുന്നു.

മനുഷ്യരുടെ ഇന്നത്തെ അവസ്ഥയിൽ കടന്നു കൂടിയിട്ടുള്ള ചിന്ത പറഞ്ഞു കേൾക്കുന്നതു "അതു നിങ്ങളുടെ ക്രിസ്തീയ വിശ്വാസമാണ്, അല്ലെങ്കിൽ നിങ്ങളുടെ വിശ്വാസം ഞങ്ങളിൽ അടിച്ചേല്പിക്കാൻ ശ്രമിക്കരുത്" എന്നാണ്. ഇത് അവർക്കു യാഥാർത്ഥ്യം അറിയുവാനുള്ള ആഗ്രഹമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. അനീതി കൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരിൽ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വരുന്നു (റോമർ 1:18). അവർ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീരുന്നു. ദൈവത്തെ നിഷേധിച്ച് ആളുകൾ പാപത്തെ സ്വീകരിക്കുന്നു. അധാർമ്മിക ജീവിതം ഇഷ്ടപ്പെടുന്നവർ ആത്മിക സത്യത്തെ തടുക്കുന്നു. ഒരാൾക്ക് യഥാർത്ഥ ഭാര്യയുള്ളപ്പോൾ മറ്റൊരു സ്ത്രീയോടു കൂടെ ജീവിക്കുവാൻ സത്യത്തെ അയാൾ എതിർക്കുന്നു. തെറ്റ് ചെയ്യുന്നതു കുറ്റമല്ല എന്ന രീതിയിൽ ന്യായീകരിക്കുന്നവർ അവർക്കു നേരിടുന്ന മാനസിക സംഘർഷത്തെ അവഗണിക്കയോ മൂടിവെക്കയോ ചെയ്യുന്നു.

മനുഷ്യചരിത്രം നാം പരിശോധിച്ചാൽ ഇത്തരം നിഷേധ ഭാവത്തോടെ ജീവിച്ചവർ നേരിട്ട ശാരീരികവും മാനസികവും വൈകാരികവുമായ അനുഭവങ്ങൾ അവരുടെ ക്രിയാത്മകത നഷ്ടപ്പെടുത്തിയതായി കാണാം. നേരെ മറിച്ച് തെറ്റും ശരിയും മനസ്സിലാക്കി തെറ്റിനെ ഉപേക്ഷിച്ച് ശരിയായതു പ്രവർത്തിച്ചവരുടെ കർമ്മശേഷി വർദ്ധിച്ചിരുന്നു എന്നു കാണാം. അവരുടെ മനസ്സും ചിത്തവും നേരുള്ളതായിരുന്നതുകൊണ്ടാണത്. ദൈവിക നിയമം മനുഷ്യരുടെ ഉല്പത്തി മുതൽ നല്കിയിരിക്കുന്നത് നോക്കുക: ഇവ സത്യമാണെങ്കിലും അനവധി ആളുകൾ അവ പൂർണ്ണമായും സത്യമാണെന്നു വിശ്വസിച്ചിട്ടില്ല.

ഉദാഹരണമായി ഭോഷ്ക്ക് അഥവാ നുണ തെറ്റാണെന്നു എല്ലാവർക്കും അറിയാം. ചില ആളുകൾ ആത്മാർത്ഥതയില്ലായ്മയെ അനുവദിച്ചേക്കാം. ഒരു നല്ല കാര്യത്തിനു വേണ്ടി നുണ പറഞ്ഞാലും കുഴപ്പമില്ല എന്നു വാദിക്കുന്നവരും കണ്ടേക്കാം. എന്നാലും നുണ നുണ തന്നെ. അതിന്റെ ഭവിഷ്യത്തും വലുതാണ്. അതിനു അതിന്റേതായ സ്വാഭാവിക ഫലങ്ങളുമുണ്ട്. ഒരു വീട്ടിൽ ഒരാൾ നുണ പരിശീലിക്കുന്നവനാണെങ്കിൽ ആ വ്യക്തിയെ പൂർണ്ണമായി ആരാണ് വിശ്വസിക്കുക? ഏതെങ്കിലും രാജ്യത്തിലെ ഒരു സമൂഹം ഭോഷ്ക്ക് പറയുന്നവരാണെങ്കിൽ ആ സമൂഹം പുരോഗതി പ്രാപിക്കയില്ല. കാരണം അവർക്ക് മറ്റുള്ളവരുടെ വിശ്വസ്ത സഹായം പ്രതീക്ഷിക്കാൻ

സാധ്യമല്ല. ക്രമേണ ഇത് ആർക്കെതിരെ ഉപയോഗിക്കുന്നുവോ അവർക്ക് ഇതു വേദനാജനകമാകുന്നു. സത്യത്തെ ലംഘിക്കുമ്പോൾ അതിന്റെ പ്രത്യാഘാതം ഒരാളിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല.

മോഷണം പരമ്പരാഗതമായി തെറ്റു തന്നെയാണ്. ദേശത്തെ നിയമം അതിനെ മോഷണം എന്നു പറഞ്ഞില്ലെങ്കിലും അതു മോഷണം അല്ലാതാവുന്നില്ല. മറ്റൊരാളുടെ എന്തെങ്കിലും അപഹരിക്കുന്നത് തെറ്റു തന്നെയാണ്. കള്ളനെ ക്രമേണ പിടികൂടുകയും ശിക്ഷിക്കുകയും വേണം. അവന്റെ ദാരിദ്ര്യമാണ് അവനെക്കൊണ്ട് അതു ചെയ്യിച്ചതെന്ന ന്യായീകരണം കേൾക്കാം. എങ്കിലും അതു മോഷണം തന്നെയാണ്. സത്യത്തെ ലംഘിക്കുകയാണ് ചെയ്യുന്നത്. തനിക്ക് അർഹതയില്ലാത്തതു അവൻ കവർന്നെടുക്കുന്നു എന്നതാണ് കുറ്റം.

നിരപരാധിയുടെ രക്തം ചൊരിയിക്കുന്നതു തെറ്റാണ്. ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കുന്നതു തെറ്റാണെന്ന കാര്യം വർഷങ്ങളോളം സമ്മതിച്ചിരുന്നില്ല. അതുകൊണ്ട് അതു തെറ്റല്ലാതാകുന്നില്ല. ഭ്രൂണഹത്യ ചെയ്തിട്ടുള്ള അനേകം മാതാപിതാക്കൾ, ഡോക്ടർമാർ ഉണ്ടായിട്ടുണ്ട്, പല കാരണങ്ങൾ കൊണ്ടാണ് അവർ അതു ചെയ്തിരുന്നത്. ഇന്നു ചില സ്ഥലങ്ങളിൽ സ്കാൻ ചെയ്തു പെൺകുട്ടിയാണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കാൻ ധൈര്യപ്പെടുന്നവരുണ്ട്. ആൺകുട്ടി ആണെന്നറിഞ്ഞാൽ അതിനെ നശിപ്പിക്കയുമില്ല. ഇത്തരം ക്രൂരകൃത്യങ്ങൾ വിദ്യാഭ്യാസവും സംസ്ക്കാരവും ഉള്ളവർക്കിടയിലാണ് സംഭവിക്കുന്നത്. നിരപരാധിയായ ശിശുഹത്യകൾ ആരെല്ലാം എന്തിനുവേണ്ടി എല്ലാം ചെയ്താലും അതു തെറ്റു തന്നെയാണ്. കുറ്റബോധത്തിൽ നിന്നും നഷ്ട ബോധത്തിൽ നിന്നും ആ കുടുംബങ്ങൾക്കു കര കയറാൻ കഴിഞ്ഞിട്ടില്ല എന്നതു പരമാർത്ഥമാണ്. കാരണം സ്പഷ്ടം, സത്യത്തെ ലംഘിക്കുന്നതു കൊണ്ടാണ്.

കുടുംബത്തെ വേർപിരിക്കുന്നത് തെറ്റാണ്. ദൈവം ഉപേക്ഷിക്കാൻ അനുവദിക്കാതിരിക്കുന്നത് വിവാഹം കഴിഞ്ഞാൽ ഭാര്യഭർത്താക്കന്മാർ ഒരുമിച്ചു ജീവിക്കണം എന്നതുകൊണ്ടാണ്. ഭർത്താവ് ജീവനോടെയിരിക്കുമ്പോൾ ഭാര്യ വേറെ പുരുഷന് ആയാൽ അതു വ്യഭിചാരമായിത്തീരും. ഭാര്യ ജീവനോടെയിരിക്കുമ്പോൾ ഭർത്താവു മറ്റൊരു സ്ത്രീയെ സ്വീകരിച്ചാലും അതു വ്യഭിചാരമാകും. തന്നെയുമല്ല ഉടനെ അവർ ധാരാളം പ്രശ്നങ്ങൾ

നേരിടും. അതിൽ ബന്ധപ്പെടുന്നവർ ആയുഷ്ക്കാലം മുഴുവൻ കഷ്ടതയും വേദനയും അനുഭവിക്കും, പ്രത്യേകിച്ചു കുട്ടികൾ ഭയപ്പെടും. ഛിന്നഭിന്നമായ കുടുംബങ്ങൾ, ആവർത്തിച്ചുള്ള ഉപേക്ഷണങ്ങൾ പുനർവിവാഹം തുടങ്ങിയവ ആളുകളിൽ ശാരീരികവും വൈകാരികവും ലൈംഗികവുമായ അരാജകത്വം നടക്കും, തുടർന്നു വെറുപ്പും വിദ്വേഷവും വർദ്ധിച്ച് കുലപാതകത്തിലേക്കും നീങ്ങും. കുടുംബം മോശമായാൽ സമൂഹം മോശമാകും, സമൂഹം മോശമായാൽ രാജ്യവും മോശമാകും. അതു ആളുകൾ ഒരു സത്യത്തെ നിഷേധിക്കുന്നതുകൊണ്ടാണ്. കുടുംബത്തിന്റെ വിശുദ്ധി -നഷ്ടപ്പെടുത്തിയാൽ ശാപമായിരിക്കും അനന്തരഫലം. ദൈവം അതു വിലക്കിയിരിക്കുന്നതിന്റെ കാരണം സ്പഷ്ടമാണ്.

ലൈംഗികത അധാർമ്മികത പരിശീലിക്കുന്നതു തെറ്റു തന്നെയാണ്. ദൈവം ആരംഭത്തിൽ തന്നെ ഒരു സത്യം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു പുരുഷന് ഒരു സ്ത്രീ. മനുഷ്യർക്ക് ഇതനുസരിച്ച് അനുഗ്രഹീത കുടുംബജീവിതം നയിക്കാം. പക്ഷെ ആളുകൾ ഒന്നിലധികം പേരെ വേണമെന്ന് ആഗ്രഹിച്ചാൽ എന്തു ചെയ്യും? ദൈവനിയമത്തെ ലംഘിച്ചാൽ ഫലം കഷ്ടതയും ദുരിതവും തന്നെ.

ജനനേന്ദ്രിയ രോഗങ്ങൾ അധികവും പിടിപെടുന്നത്? വിവാഹേതര ലൈംഗികബന്ധം പുലർത്തുന്നവരിലാണ് അല്ലെങ്കിൽ എയിഡ്സ് രോഗം വരുവാനുള്ള കാരണവും മറ്റൊന്നല്ല. വിവാഹം കഴിഞ്ഞ് ഭർത്താക്കന്മാർക്കു കീഴ്പ്പെട്ട് ജീവിക്കുന്ന സ്ത്രീകളേക്കാൾ മറ്റു തരത്തിൽ ജീവിക്കുന്ന സ്ത്രീകളിലാണ് ഇത്തരം വ്യാധികൾ പലതും പിടിപെടുന്നത്. ഇതെല്ലാം ആളുകൾ സമ്മതിച്ചാലും ഇല്ലെങ്കിലും വാസ്തവമാണ്. നിഷേധിക്കാനാവാത്ത ധാരാളം വസ്തുതകൾ ഇനിയും നിരത്താം. അവർ ചെയ്യുന്ന പാപത്തിന്റെ ശിക്ഷയാണ് അവർ അനുഭവിക്കുന്നത് (റോമർ 1:27). സ്ത്രീയായാലും പുരുഷനായാലും തന്റെ പങ്കാളിയോട്, ധാർമ്മികമായി വിശ്വസ്തത പുലർത്തേണ്ട രീതിയിലാണ് ശരീരഘടന രൂപപ്പെടുത്തിയിരിക്കുന്നത്. ആ സത്യത്തെ നിഷേധിച്ച് ലംഘിക്കുമ്പോൾ വേദനയും കുഴപ്പവും അനന്തര ഫലങ്ങളും അനുഭവിക്കാതെ തരമില്ല.

ദൈവം മാത്രമാണ് ദൈവം. ഏക സത്യദൈവമേയുള്ളു. മറ്റൊരു ദൈവമില്ല. ദൈവം ഉണ്ട്. അവനാണ് അന്തിമ സത്യം. അവനെ നിഷേധിക്കുന്നത് അന്തിമമായ തെറ്റാണ്. സത്യദൈവത്തെ

അറിയാത്തവർ മിഥ്യാദൈവങ്ങളെ അഥവാ ജീവനില്ലാത്ത വിഗ്രഹങ്ങളെ വണങ്ങുന്നു. അതു തെറ്റാണ്. അതിന്റെ അനന്തരഫലം ദൈവം മുന്നറിയിച്ചിട്ടുണ്ട്. നാം അവിശ്വസിച്ചാലും ദൈവം ഉണ്ട് എന്നതിനു മാറ്റം വരുന്നില്ല. നാം വിശ്വസിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ വിശ്വസ്തതക്കു മാറ്റം വരികയില്ല.

അതുകൊണ്ട് ദൈവം അല്ല ചിലർ അനുഗ്രഹിക്കപ്പെടുവാനും മറ്റു ചിലർ ശപിക്കപ്പെടുവാനും ഇടയാക്കിയത്. നാം തന്നെയാണ് അല്ലെങ്കിൽ നമ്മുടെ പ്രവൃത്തികളാണ്. നമ്മുടെ ജീവിതത്തിൽ നാം സത്യത്തെ സ്വീകരിച്ചാൽ അതിന്റേതായ ഫലമുണ്ട്. നിരസിച്ചാൽ അതിന് നാശവുമുണ്ട്. നാം അവനെ ഉപേക്ഷിച്ചാൽ അവൻ നമ്മെയും ഉപേക്ഷിക്കും (2 തിമൊഥെയൊസ് 2:12, 13). അവന്നു തന്നെത്താൻ തൃജിക്കാൻ സാധ്യമല്ല. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ അവിശ്വാസികളോട് അവൻ പറഞ്ഞു "ഞാനോ അവനെ അറിയുന്നു, അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെപ്പോലെ ഭോഷ്ക്ക് പറയുന്നവർ ആകും. എന്നാൽ ഞാൻ അവനെ അറിയുന്നു. അവന്റെ വചനം പ്രമാണിക്കയും ചെയ്യുന്നു" (യോഹന്നാൻ 8:55).

## ബോധ്യമാക്കുന്ന തെളിവ്

### ഡുവെയിൻ വാർഡെൻ

യേശു തന്നെ ക്രിസ്തു എന്നും വാഗ്ദാനം ചെയ്ത ദൈവരാജ്യവും തെളിയിക്കുന്നതാണ് പ്രവചന നിവർത്തീകരണം എന്നു യേശുവും അവന്റെ അപ്പൊസ്തലന്മാരും വ്യക്തമാക്കിയിട്ടുണ്ട്. യേശു ഉയിർത്തെഴുന്നേറ്റ ശേഷം തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായി അവരോടുകൂടെ ഭക്ഷിച്ചു. മുൻപു പലപ്പോഴായി അവരെ ഉപദേശിച്ചിട്ടുള്ളതു ഓർമ്മിപ്പിക്കാൻ പറ്റിയ സമയമായിരുന്നു അത്. "പിന്നെ അവൻ അവരോടു: ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതു ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതുതന്നെ എന്നു പറഞ്ഞു" (ലൂക്കൊസ് 24:44).

പ്രവചന നിവർത്തീകരണത്തെക്കുറിച്ചു യേശു ശിഷ്യന്മാരോ പറഞ്ഞതെല്ലാം നമുക്ക് അറിയില്ലെങ്കിലും, നമുക്ക് ഈ പ്രസ്താവനയുണ "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക നിത്യ ജീവൻ ഉണ്ടെന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ" (യോഹന്നാ 5:39) അവ എനിക്കു സാക്ഷ്യം പറയുന്നു.

യേശു അവകാശപ്പെട്ടതിന്റെ ആഴം ഗ്രഹിക്കുവാൻ ശിഷ്യന്മാ ക്കോ അക്കാലത്തുണ്ടായിരുന്നവർക്കോ കഴിഞ്ഞില്ല. "ഞാനും പിതാവ ഒന്നാകുന്നു" (യോഹന്നാൻ 10:30). ഫിലിപ്പിന്റെ കൈസര്യയിൽ നടേ സംഭവം (മത്തായി 16:13 മുതൽ) അതു പ്രശോഭിപ്പിക്കുന്നതായിരുന്ന അവർ കണ്ടതായ അടയാളങ്ങളും കേട്ട ഉപദേശങ്ങളും ശിഷ്യന്മാർക്ക വെല്ലുവിളി ഉയർത്തുന്നതായിരുന്നു. ശിഷ്യന്മാർ ശ്രദ്ധാപൂർവ്വം അതിന മറുപടി നല്കി, അവർ എന്തായിരുന്നു ചിന്തിച്ചിരുന്നത്? യേശു; ഒരുപക്ഷെ യോഹന്നാൻ സ്നാപകൻ കല്ലറവിട്ടു വന്നതോ അല്ലെങ്കിൽ ഏലിയാവോ ആയിരിക്കാം എന്നു അവർ വിചാരിച്ചു. അതുകൊണ്ട് യേശു അവരോ ചോദിച്ചു നിങ്ങൾ എന്നെ ആർ എന്നു പറയുന്നു? അതിന്നു പത്രൊസ "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു" എന്ന ഉത്തരം പറഞ്ഞു (മത്തായി 16:15-16).

ദൈവം ജഡത്തിൽ വന്ന വ്യക്തിയാണ് യേശു എന്നു തീർ പ്പെടുത്തുവാൻ ശിഷ്യന്മാർക്കു എളുപ്പത്തിൽ കഴിഞ്ഞില്ല! നിസ്സാരമായ അവർക്ക് അതു സ്വീകരിക്കാൻ കഴിഞ്ഞില്ല. പുരാതന ലോകത്തില ആധുനിക ലോകത്തിലും ആർക്കും എന്തു വേണമെങ്കിലും അവകാ പ്പെടാം. നൂറ്റാണ്ടുകളായി പ്രവാചകന്മാർ വരികയും പോവുകയു ചെയ്തിട്ടുണ്ട്. ബുദ്ധിയും വൈഭവവുമുള്ള ആളുകളെ പിൻപറ്റുവാന ആളുകൾ കാണും. പ്രവാചകന്മാരെ പരിശോധിച്ച് വിവേചിക്കേണ്ട സമയ ഉണ്ട് (1 യോഹന്നാൻ 4:1). വിശ്വസിക്കേണ്ട തെളിവു കൂടാതെ യേശ ദൈവപുത്രനാണെന്നു വിശ്വസിക്കുവാനല്ല ദൈവം പറഞ്ഞത്. യോഹ ന്നാൻ സ്നാപകന്റെ സാക്ഷ്യത്തിനു പുറമെ യേശു അത്ഭുതം ചെയ്യുകയു അതോടൊപ്പം തിരുവെഴുത്തുകളെ പരിശോധിക്കുവാനും കർത്താവ പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 5:33-36).

"ദൈവശ്വാസിയമാണ്" തിരുവചനം (2 തിമൊഥെയൊസ് 3:1 യേശു ദൈവപുത്രനാണെന്നു പ്രഖ്യാപിക്കയും ചെയ്തിരിക്കുന്ന അതുകൊണ്ട് ചരിത്രത്തിൽ അതു മുൻകൂട്ടി അറിയിച്ചിരിക്കുന്നതിര

അത്ഭുതപ്പെടാനില്ല. ദൈവം ശ്വസിച്ചു നല്കിയ അരുളപ്പാടുകൾ വിശ്വസനീയമത്രെ. ദൈവം സത്യവാനാണ്. അവന്റെ അരുളപ്പാടുകളും സത്യമാണ്. ആത്മാവ് അഥവാ സത്യത്തിന്റെ ആത്മാവ് ശിഷ്യന്മാർക്കു നല്കി, അവർ ആ സത്യവചനം പ്രസംഗിക്കയും രേഖപ്പെടുത്തുകയും ചെയ്തു. ദൈവത്തിന് ഭോഷ്ക്ക് പറയാൻ സാധ്യമല്ല (യോഹന്നാൻ 17:17). തിരുവെഴുത്തിലെ വസ്തുതകൾ, പ്രസ്താവനകൾ, കല്പനകൾ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നത് നമ്മുടെ ഓരോരുത്തരുടേയും പ്രയോജനത്തിനാണ്. പ്രവാചകന്മാർ ക്രിസ്തുവിനെക്കുറിച്ചു മുൻപറഞ്ഞിരിക്കുന്നതും ക്രിസ്തു വന്നു വെളിപ്പെടുത്തിയതും യാഥാർത്ഥ്യബോധത്തോടെ ആളുകൾ സ്വീകരിക്കണം. ക്രിസ്തു തന്റെ സഭയെക്കുറിച്ചും വ്യക്തമാക്കി. പ്രവചനങ്ങൾ ക്രിസ്തുവിൽ കൂടെ നിറവേറിയത് അപ്പൊസ്തലന്മാരും രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊസ് 24:44).

അഗ്രിപ്പാ രാജാവിനോടും അവിടെയുണ്ടായിരുന്ന യെഹൂദന്മാരോടും അപ്പൊസ്തലനായ പൗലൊസ് കൈസര്യയിൽ വെച്ചു സംസാരിച്ചു. “ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നതു വിശ്വാസ്യയോഗ്യമല്ല എന്നു നിങ്ങൾക്കു തോന്നുന്നതു എന്ത്?” (പ്രവൃത്തികൾ 26:8). പൗലൊസിന്റെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന ധ്വനി വ്യക്തമാണ്. തെളിവുകളോടെ പ്രഖ്യാപിക്കപ്പെടുന്ന സത്യത്തെ അവർ എന്തുകൊണ്ട് വിശ്വസിക്കുന്നില്ല? തിരുവെഴുത്തിനെ അവിശ്വസിക്കുന്നവർ കാരണം ബോധിപ്പിക്കണം. സൃഷ്ടികർത്താവായ ദൈവം ഉണ്ട് എന്ന സത്യം അന്ധമായി വിശ്വസിപ്പിക്കയല്ല ദൈവം ചെയ്യുന്നത്. പിന്നെയോ തന്റെ പ്രവൃത്തികൾ അതാണ് തെളിയിക്കുന്നത്. ആളുകൾ യേശു ആരാണെന്ന് അറിയാതെ എങ്ങനെ ഏറ്റുപറയും. ദൈവം ജഡമെടുത്ത് മനുഷ്യനായി ഭൂമിയിൽ ജീവിച്ചു. മുന്നറിയിച്ച തിരുവെഴുത്തിൻ പ്രകാരം അവൻ ജനിക്കുകയും ജീവിക്കയും മരിക്കയും ചെയ്തു. തിരുവചനം വിശ്വസനീയമെന്നാണ് അതു തെളിയിക്കുന്നത്. ദൈവം തന്റെ ജനങ്ങളോട് സംസാരിക്കുന്നതു ഈ വചനം മുഖാന്തരമാണ്. ദൈവത്തിന്റെ അരുളപ്പാടുകളെ നാം പൂർണ്ണമായി വിശ്വസിക്കണം.

ഇതെല്ലാം പറഞ്ഞതിൽനിന്നു പഴയനിയമ ഭാഗങ്ങൾ പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്നതെല്ലാം ക്രിസ്തുവിനെക്കുറിച്ചുള്ള

പ്രവചനം ആണെന്നു ധരിക്കരുത്. മറ്റു പ്രവചനങ്ങളും അടങ്ങുന്നുണ്ട്. അവ നമ്മുടെ ബുദ്ധി ഉപദേശത്തിനും പ്രത്യാശക്കും ആയിട്ടാണ് നല്കിയിരിക്കുന്നത്. ഉദാഹരണമായി പൗലൊസ് എഴുതുന്നു, "അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിച്ചിരിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ" (റോമർ 13:8). ഹോശേയ 11:1 മത്തായി ഉദ്ധരിക്കുന്നുണ്ട് "യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു. മിസ്രയിമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു. പഴയ നിയമ ഉദ്ധരണിയിൽ കൂടെ ആധുനിക ജനത്തിനു യേശുവിന്റെ വരവ് വ്യക്തമാക്കിക്കൊടുക്കുകയായിരുന്നു മത്തായിയുടെ ലക്ഷ്യം.

പുരാതനകാലത്തു സംഭവിച്ചതും പുതിയ നിയമകാലത്ത് ആളുകൾ തുടരുന്നതുമായ കാര്യങ്ങളും ഇത്തരം പ്രവചനഭാഗങ്ങൾ ചൂണ്ടിക്കാണിക്കുവാൻ പ്രേരകമാകുന്നുണ്ട്. ഉദാഹരണമായി യിസ്രായേൽ ജനം ഉത്സവത്തിൽ അവരുടെ ഹൃദയം കഠിനമാക്കി. അതുപോലെ ഹൃദയം കഠിനമാക്കരുത് എന്ന് ഓർമ്മിപ്പിക്കുവാൻ പഴയ നിയമ വേദഭാഗം ഉദ്ധരിക്കുന്നുണ്ട്. നേരെ മറിച്ച് ക്രിസ്തുവിന്റെ യാഗത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുവാൻ പഴയനിയമ യാഗങ്ങളെക്കുറിച്ചു എബ്രായലേഖനത്തിൽ പറയുന്നുണ്ട് "ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല എന്നാൽ ഒരു ശരീരം നീ എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്നു സർവ്വാംഗ ഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു, ഇതാ ഞാൻ വരുന്നു പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു, ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു അവൻ പറയുന്നു. ന്യായപ്രമാണ പ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗ ഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു" (എബ്രായർ 10:5-8).

✶

## ജഡ്ജിമാർ ഇനി വീട്ടുപടിക്കൽ

ന്യായാധിപന്മാർ ഇനി ജനങ്ങളുടെ അടുത്തെത്തും. കെട്ടിക്കിടക്കുന്ന കേസുകൾ കുറച്ച് നീതിന്യായ നടപടികൾ വേഗത്തിലാക്കുന്നതിനാണ്. ഗ്രാമങ്ങളിലെത്തി കേസുകൾ തീർപ്പാക്കുന്ന ഗ്രാമീണ കോടതി സംവിധാനമാണ് വരുന്നത്. കേന്ദ്ര നിയമ മന്ത്രി എച്ച്. ആർ. ഭരദ്വാജ് ലോക്സഭയിൽ അറിയിച്ചതാണിത്. ഇതു സംബന്ധിച്ച ബില്ലിന് നിയമമന്ത്രാലയം രൂപം നൽകി വരികയാണ്.

രാജ്യത്തെ വിവിധ കോടതികളിൽ മൂന്നു കോടി കേസുകൾ കെട്ടിക്കിടക്കുകയാണെന്ന് ശ്രദ്ധക്ഷണിക്കലിനു മറുപടിയായി മന്ത്രി പറഞ്ഞു. രണ്ടര കോടി കേസുകളും കീഴ്കോടതികളിലാണ്. 42 ലക്ഷം കേസുകൾ ഹൈക്കോടതികളിലും 38,000 കേസുകൾ സുപ്രീം കോടതിയിലുമാണ്. ഒരു ഹൈക്കോടതി ജഡ്ജി ഒരു വർഷം ശരാശരി 2300 കേസുകൾ വിധി പറയുന്നുണ്ട്.

കോടതികളുടെ അവധി കുറയ്ക്കുന്നതിന് എന്തു ചെയ്യാനാകുമെന്ന് സ്പീക്കർ സോമനാഥ് ചാറ്റർജി ആരാഞ്ഞു. സുപ്രീം കോടതി വേനലവധിക്കാലത്തും സിറ്റിങ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഗുജറാത്ത് ഹൈക്കോടതിയിൽ സായാഹ്ന കോടതി പ്രവർത്തിക്കുന്നുണ്ട്. കർണാടക ഹൈക്കോടതി ശനിയാഴ്ച പ്രവർത്തിക്കുമെന്നും മന്ത്രി പരാമർശിച്ചു.

★

## വീടില്ലാത്ത മനുഷ്യനല്ല; കൂടില്ലാത്ത പട്ടികൾ അവർക്ക് പ്രധാനം

കിടക്കാൻ കൂടില്ലാത്ത പട്ടികളോടുള്ള സഹാനുഭൂതിയുടെ പകുതിപോലും വീടില്ലാത്ത മനുഷ്യരോട് ബ്രിട്ടീഷുകാർക്കില്ല! ബ്രിട്ടനിൽ നടത്തിയ ഒരു സർവെ വിലയിരുത്തി ബിബിസിയാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത്.

ബ്രിട്ടനിൽ വീടില്ലാത്തവരുടെ എണ്ണം 2004 ലെ സെൻസസ് പ്രകാരം 3,80,000 ആണ്. ഇതിൽത്തന്നെ 1,09,000 കുടുംബങ്ങൾ വൃത്തിഹീനമായ ചുറ്റുപാടുകളിലെ താൽക്കാലിക ഷെഡ്ഡുകളിലാണ് കഴിയുന്നത്. അതോടൊപ്പം ഇപ്പോൾ വീടുള്ളവർ തന്നെ കടബാധ്യത,

ഉയർന്ന ജീവിതച്ചെലവ്, തൊഴിൽസുരക്ഷിതത്വമില്ലായ്മ എന്നിവ കാരണം വീട് നഷ്ടപ്പെട്ടേക്കാമെന്ന് ഉൽക്കണ്ഠപ്പെടുന്നവരാണ്.

ഭവനരഹിതരായവരെ സഹായിക്കുന്നതു ഗുണമല്ല, ദോഷമാണെന്നാണ് ഭൂരിപക്ഷം പേരുടെയും നിലപാടത്രെ.

★

## മുംബൈ സ്ഫോടനം

1993 ലെ മുംബൈ ബോംബ് സ്ഫോടനക്കേസിൽ പ്രശസ്ത ബോളിവുഡ്താരം സഞ്ജയ്ദത്ത് കുറ്റക്കാരനാണെന്ന് പ്രത്യേക ടാഡ കോടതി ജഡ്ജി പി ഡി കോഡെ വിധിച്ചു. ഇന്ത്യൻ ആയുധനിയമം ലംഘിച്ച് ആയുധം കൈവശംവെച്ചതാണ് കുറ്റം. ഭീകരപ്രവർത്തനം, ഗൂഢാലോചന എന്നീ ആരോപണങ്ങളിൽനിന്ന് കോടതി ദത്തിനെ കുറ്റവിമുക്തനാക്കി.

★

## ചികിത്സാ ആനുകൂല്യത്തിൽ വെട്ടിപ്പ്: രണ്ട് കെഎംഎംഎൽ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു

കെഎംഎംഎൽ മാനേജ്മെന്റ് അറിയാതെ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ ഏഴുലക്ഷം രൂപ വെട്ടിച്ചു. സംഭവത്തിൽ വെൽഫെയർ മാനേജരെയും ഇന്റേണൽ ഓഡിറ്റ് ആപ്പീസറെയും അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തു. വെൽഫെയർ മാനേജർ ജി.ബി. ഗോപാലകൃഷ്ണൻ, ഇന്റേണൽ ഓഡിറ്റ് ആപ്പീസർ പി.എച്ച്. മുഹമ്മദ്കുഞ്ഞ് എന്നിവരെയാണ് ചൊവ്വാഴ്ച സസ്പെൻഡ് ചെയ്തത്.

★

## വ്യാജരേഖകൾ സമർപ്പിച്ച് ജാമ്യത്തട്ടിപ്പ് നടത്തുന്ന സംഘം പിടിയിൽ

കോടതി ജാമ്യത്തിന് വ്യാജ കരംതീർത്ത രസീത് നിർമിച്ച് നൽകി കോടതിയെ കബളിപ്പിച്ച് പണംതട്ടുന്ന സംഘം പിടിയിലായി. നെടുമങ്ങാട് വാളിക്കോട് ദർശന സ്കൂളിനു സമീപമുള്ള സെയ്ദലി നെടുങ്കാട് ആനത്താനം പണയിൽവീട്ടിൽ മണികണ്ഠൻ, മുട്ടത്തറ

ശ്രീവരാഹം താവലോട് ജങ്ഷനു സമീപം കാവടിവിളാകം വീട്ടിൽ വേണുഗോപാൽ, വെള്ളറട മുള്ളുവിള സുജനഭവനിൽ സുജനകുമാരി എന്നിവരെയാണ് തമ്പാനൂർ പൊലീസ് അറസ്റ്റ ചെയ്തത്. നിരവധി വില്ലേജ് ഓഫീസുകളിലെ കരം തീർത്ത വ്യാജ രസീതുകളും സീലുകളും പിടിച്ചെടുത്തതായി ഫോർട്ട് അസിസ്റ്റന്റ് കമീഷണർ വിസി മോഹനൻ അറിയിച്ചു.

*

## ഒന്നരമാസംമുമ്പ് വീടുവിട്ടിറങ്ങിയ പതിനേഴുകാരി കസ്റ്റഡിയിൽ

ഒന്നരമാസംമുമ്പ് വീടുവിട്ടിറങ്ങിയ പെൺകുട്ടിയെ മ്യൂസിയത്തുവെച്ച് പൊലീസ് കസ്റ്റഡിയിലെടുത്തു. വെള്ളറട കുന്നത്തുകാൽ വടക്കേപെള്ളിനട വീട്ടിൽ അംബികയുടെ മകൾ സുജകുമാരിയെയാണ് തിങ്കളാഴ്ച മ്യൂസിയം പൊലീസ് കസ്റ്റഡിയിലെടുത്ത് വെള്ളറട പൊലീസിന് കൈമാറിയത്.

ഒക്ടോബർ 13 ന് അമ്മയുമായി പിണങ്ങി പെൺകുട്ടി വീടുവിട്ടിറങ്ങുകയായിരുന്നു. തുടർന്ന് കോട്ടയം പാലായിലുള്ള നന്മ അസോസിയേഷൻ ടൈംസ്റ്റേജ് എന്ന സ്ഥാപനത്തിൽ എത്തിയ പെൺകുട്ടി ഈമാസം ഇരുപത്തിനാലുവരെ അവിടെനിന്നു. അതിനു ശേഷം അവിടെ ജോലിചെയ്തിരുന്ന കേരളപുരം ഇടവട്ടം സ്വദേശിനിയായ ദീപയോടൊപ്പം പോയി മൂന്നുദിവസം അവിടെ താമസിച്ചു.

*

## കൊല്ലപ്പെരുവഴി റോഡ് തകർന്നിട്ട് മാസങ്ങളേറെ

റോഡ്വശം ഇളകിമാറി ആറ്റിലേക്ക് പതിച്ചിട്ട് മാസങ്ങൾ ഏറെ. അപകടനിലയിലായ തകർന്ന റോഡിന്റെ അറ്റകുറ്റപ്പണി നടത്താൻ വകുപ്പുകൾ തമ്മിൽ തർക്കം.

നഗരമധ്യത്തിൽ കരിക്കകം റോഡിൽ കൊല്ലപ്പെരുവഴി ഭാഗത്താണ് 10 മീറ്ററോളം ദൂരത്തിൽ റോഡ് ഇളകിമാറിയത്. മൂന്നു മാസങ്ങൾക്കുമുമ്പ് റോഡ് വശത്ത് ഉണ്ടായിരുന്ന രണ്ടു മരങ്ങൾ കടപുഴകി വശത്തുകൂടി ഒഴുകുന്ന പാർവതീ പുത്തനാറിലേക്ക് പതിച്ചു. മൂന്നടിയോളം താഴ്ചയിൽ ഗർത്തം രൂപം കൊണ്ടിട്ടുണ്ട്. റോഡിന്റെ എതിർഭാഗം പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നു.

ഈ ഭാഗത്ത് തെരുവുവിളക്കുകൾ കത്താത്തതുകാരണം

പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നതും ഇളകിമാറിയതുമായ റോഡിന്റെ മധ്യഭാഗത്തുകൂടി രാത്രികാലങ്ങളിൽ കടന്നുപോകുന്ന ഇരുചക്രവാഹനങ്ങൾ റോഡ് ഇളകിമാറിയ ഭാഗത്ത് ഉയർന്നിരിക്കുന്ന മരത്തിന്റെ വേരുകളിൽ തട്ടി ആറ്റിലേക്ക് പതിക്കാനുള്ള സാധ്യതയും ഏറുന്നു.

## വോട്ടർപട്ടികയിൽ 250 പേരുടെ പേരുചേർക്കാൻ രണ്ടുലക്ഷം രൂപ ചെലവ്

വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് താലൂക്കിൽ 250 വോട്ടർമാരെ ചേർക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് ചെലവായത് രണ്ടു ലക്ഷം രൂപ.

ചിറയിൻകീഴ് താലൂക്കിലെ കിളിമാനൂർ, വർക്കല, ആറ്റിങ്ങൽ മണ്ഡലങ്ങളിലെ 434 ബൂത്തുകളിലാണ് സ്കൂൾ അധ്യാപകർക്ക് ചുമതല നൽകി നവംബർ 18, 19 25, 26 തീയതികളിലായി ബൂത്തുകൾ കേന്ദ്രീകരിച്ച് പുതിയ വോട്ടർമാരെ ചേർക്കൽ ആരംഭിച്ചത്. ഒറ്റബൂത്ത് മാത്രമുള്ള കേന്ദ്രങ്ങളിൽ രണ്ട് അധ്യാപകരെയും മൂന്ന് ബൂത്തുകൾ കേന്ദ്രീകരിക്കുന്നിടങ്ങളിൽ നാല് അധ്യാപകരെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## അധ്യാപകന്റെ കാറിൽ ബോംബ് ഒളിപ്പിച്ച കേസിലെ പ്രതി കേരളം വിട്ടെന്ന് സൂചന

വാളകത്ത് അണ്ടൂരിൽ അധ്യാപകന്റെ കാറിൽ ബോംബ് ഒളിപ്പിച്ച കേസിലെ മുഖ്യപ്രതി ബാംഗ്ലൂരിലേക്ക് കടന്നതായി സൂചന. അണ്ടൂർ പൂവണത്തുംവിള വീട്ടിൽ സന്തോഷ് ആണ് മുങ്ങിയത്.

അണ്ടൂർ ഭാസ്കരവിലാസത്തിൽ രാധാകൃഷ്ണപിള്ളയുടെ മാരുതി കാറിൽ ബോംബും കള്ളനോട്ടുംവെച്ച കേസിലെ പ്രതിയായ സന്തോഷ് വ്യാജ റിക്രൂട്ടിങ് ഏജൻസി നടത്തി നിരവധി യുവാക്കളിൽനിന്ന് കോടിക്കണക്കിനു രൂപ തട്ടിയതായും പരാതിയുണ്ട്. സൈന്യത്തിലും റെയിൽവെയിലും ജോലിക്കായി എറണാകുളം ചേരനല്ലൂർ കേന്ദ്രീകരിച്ച് വ്യാജ റിക്രൂട്ട്മെന്റ് നടത്തിയിരുന്നു.

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 December**

**Price of single copy: Rs.4/-**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*

*The*

**CHURCH OF CHRIST**

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378